**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം,**
**തിരുവനന്തപുരം.**
**(ഹാജർ:ഡോ. ശ്രീറാം വെങ്കിട്ടരാമൻ IAS) )**

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - ശ്രീ. അജി.പി.ടി കൃഷി ഓഫീസർക്ക് കൃഷിഓഫീസർ തസ്തികയിൽ സീനിയോറിറ്റി പുന സ്ഥാപിച്ചതു പ്രകാരം നോഷണലായി സ്ഥാനകയറ്റം നൽകിയും , ശ്രീ. സുനിൽ വർഗ്ഗീസിനെ താൽക്കാലിക കൃഷി ഓഫീസർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തിയതി പ്രാബല്യത്തിൽ റഗുലറൈസ് ചെയ്യും ഉത്തരവാകുന്നു.

പരാമർശം :- 1) സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2218/2018 എഡി തിയതി 28/11/2008

2) കൃഷിഡയറക്ടറുടെ ഉത്തരവ് നമ്പർ എസ് ഡി (1) 52105/2008 തിയതി 29/11/2008

3) കൃഷി ഡയറക്ടറുടെ ഉത്തരവ് നമ്പർ എസ് ഡി (1) 26167/2011 തിയതി 02/08/2012

4) കൃഷി ഡയറക്ടറുടെ ഉത്തരവ് നമ്പർ എസ് ഡി 1 15043/2018 തിയതി 23/11/2019

5) സർക്കാർ കത്ത് നമ്പർ കൃഷി ഇഎ2/14/2025 തിയതി 19/02/2025

6) കൃഷി ഡയറക്ടറുടെ ഉത്തരവ് നമ്പർ എസ് ഡി 4693/2023-എസ് ഡി (1) തിയതി 22/02/2025

**ഉത്തരവ് നമ്പർ ADFW/4693/2023-SD1 തീയതി . 05-03-2025**

ശ്രീ. അജി.പിറ്റി **31/12/2005** ൽ **2%** ക്വോട്ടയിൽ കൃഷി ഓഫീസർ തസ്തികയിൽ പ്രൊമോഷന് അർഹത നേടിയിരുന്നു. പരാമർശം **(1)** പ്രകാരമുള്ള സെലക്ട് ലിസ്റ്റിൽ ടിയാനെ ഉൾപ്പെടുത്തിയിരുന്നില്ല. പരാമർശം **6** ഉത്തരവ് പ്രകാരം **28/01/2025** ന് കൂടിയ ഡി പി സി ലോവർ പരാമർശം **1** പ്രകാരമുള്ള സെലക്ട് ലിസ്റ്റ് പുന പരിശോധിച്ച്, ശ്രീ. അജി. പി.ടിയെ ടി സെലക്ട് ലിസ്റ്റിൽ ഓന്നാമതായി ഉൾപ്പെടുത്തി,

**28/11/2008** ലെ സെലക്ട് ലിസ്റ്റ് പരിഷ്കരികരിച്ചു ആയത് പരാമർശം **5** പ്രകാരം സർക്കാർ അംഗീകരിച്ചു. **2008** ലെ **2%** ക്വാട്ടയിലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തിയ ശ്രീ. അജി. പി.ടി യുടെ തൊട്ട് ജൂനിയറായ ശ്രീ . പ്രസന്ന കുമാറിന് കൃഷി ഓഫീസർ തസ്തികയിൽ സ്ഥാനകയറ്റം നൽകിയ ഉത്തരവ് തിയതി പ്രാബല്യത്തിൽ ടി യാന് നോഷണൽ പ്രമോഷന് അർഹതയുണ്ട്.

മേൽ സാഹചര്യത്തിൽ **28/01/2025** ന് കൂടിയ അഡ്ഹോക്ക് ഡി പി സി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. അജി.പി.ടി ക്ക് ടി യാന്റെ തൊട്ട് ജൂനിയറായ ശ്രീ . പ്രസന്ന കുമാറിന് സ്ഥാനകയറ്റം നൽകിയ തിയതിയായ **29/11/2008** പ്രാബല്യത്തിൽ കൃഷി ഓഫീസർ തസ്തികയിൽ നോഷണൽ പ്രമോഷൻ അനുവദിച്ചുത്തരവാകുന്നു.

**2019** ലെ ഡി പി സി സെലക്ട് ലിസ്റ്റിൽ ക്രമ നമ്പർ **10** വരെ ഉൾപ്പെട്ട ശ്രീ കെ വി ബിനോയ് വരെയുള്ളവരെ **2012** ൽ നിലവിലുണ്ടായിരുന്ന ഒഴിവിന്റെ അടിസ്ഥാനത്തിൽ **23/11/2019** ലെ ഉത്തരവ് പ്രകാരം ക്രമീകരിക്കുകയുണ്ടായി. **28/01/2025** ൽ ചേർന്ന അഡ്ഹോക്ക് ഡി പി സി ടി ലിസ്റ്റ് പുന പരിശോധിച്ച് ടി കാലയളവിൽ ,തെറ്റായി റെഗുലറൈസ് ചെയ്ത ഒരു കൃഷി ഓഫീസറെ, താത്കാലിക കൃഷി ഓഫീസറായി റെവെർട്ട് ചെയ്തതിന്റെ, അടിസ്ഥാനത്തിൽ വന്ന ഒരു ഒഴിവുകൂടി ചേർത്ത് ടി സെലക്ട് ലിസ്റ്റ് പരിഷ്കിച്ച് , **2%** ക്വോട്ടയിൽ നിയമനത്തിന് യോഗ്യതയുള്ള ശ്രീ.കെ വി ബിനോയിയുടെ തൊട്ടടുത്ത സ്ഥാനക്കാരനായ, ശ്രീ. സുനിൽ വർഗ്ഗീസിനെ ക്രമ നമ്പർ **11** നമ്പരായി ഉൾപ്പെടുത്തി സെലക്ട് ലിസ്റ്റ് പരിഷ്കരിച്ച് , യോഗ്യത ഉണ്ടായിരുന്നതിനാൽ ,താൽക്കാലിക നിയമനം ലഭിച്ച **04/08/2012** മുതൽ ക്രമീകരിക്കുന്നതിനും തീരുമാനിച്ചു. ആയത് പരാമർശം **(2)** പ്രകാരം സർക്കാർ അംഗീകിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീ സുനിൽ വർഗ്ഗീസിനെ **2019** ലെ സെലക്ട് ലിസ്റ്റിൽ ക്രമ നമ്പർ **11**ആയി ഉൾപ്പെടുത്തി ടി യാന്റെ താൽക്കാലിക നിയമനം **04/08/2012** മുതൽ ക്രമീകരിച്ച്

ഉത്തരവാകുന്നു .

Dr Sriram Venkitaraman IAS
DIRECTOR

സ്വീകർത്താവ്

1) ശ്രീ. അജി. പി ടി, കൃഷി ഓഫീസർ

2) ശ്രീ. സുനിൽ വർഗ്ഗീസ്, കൃഷി ഓഫീസർ

<u>പകർപ്പ്</u>

- ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക്
- ഡോ. ശ്രീകുമാർ, മെമ്പർ, കെ പി എസ് സി
  തിരുവനന്തപുരം
- അഡിഷണൽ സെക്രട്ടറി, കൃഷി വകുപ്പ്, ഗവൺമെന്റ്
  സെക്രട്ടറിയേറ്റ്
- എസ് സി / എസ് ബി സെക്ഷന്
- അക്കൗണ്ടന്റ് ജനറൽ എ & ഇ /കേരള
  തിരുവനന്തപുരം

. കരുതൽ ഫയൽ